**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4461** **10-08-2021 - ൽ മറുപടിയ്ക്ക്**

**പഴം-പച്ചക്കറി വർഗ്ഗങ്ങളുടെ ഉല്പാദനവും കയറ്റുമതിയും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തിന്റെ ദൈനംദിന ആവശ്യത്തിന് വേണ്ട പഴം-പച്ചക്കറി വർഗ്ഗങ്ങളുടെ തോത് എത്ര; അവയിൽ എത്രത്തോളം സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്നുണ്ട്; ഇതര സംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടതിന്റെ തോത് എത്ര; വ്യക്തമാക്കുമോ; | (എ) | ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസേർച്ചിന്റെ ശുപാർശ പ്രകാരം ഒരു വ്യക്തിക്ക് പ്രതിദിനം 400 ഗ്രാം പഴം പച്ചക്കറിയാണ് ഭക്ഷണത്തിൽ ഉൾപ്പെടുത്തേണ്ടത്. ഇത് പ്രകാരം സംസ്ഥാനത്തിന്റെ നിലവിലെ ജനസംഖ്യയ്ക്ക് ആനുപാതികമായി 14246 മെട്രിക് ടൺ പഴം പച്ചക്കറികളാണ് ദിനം പ്രതി ആവശ്യമായി വരുന്നത്. ഇതിൽ സംസ്ഥാനത്തിന്റെ ആഭ്യന്തര ഉത്പാദനം 8826 മെട്രിക് ടൺ പഴം-പച്ചക്കറിയാണ്, ശേഷിക്കുന്ന 5420 മെട്രിക് ടണ്ണിനായി അന്യ സംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടിവരുന്നു. |
| (ബി) | ദൈനംദിനം സംസ്ഥാനത്തു നിന്ന് വിദേശത്തേക്കും മറ്റ് ഇതര സംസ്ഥാനങ്ങളിലേക്കും കയറ്റി അയയ്ക്കുന്ന പഴം-പച്ചക്കറി വർഗ്ഗങ്ങളുടെ തോത് എത്ര; ഏതൊക്കെ വിദേശ രാജ്യങ്ങളിലേക്കാണ് ഇത്തരത്തിൽ കയറ്റി അയയ്ക്കുന്നത്; വ്യക്തമാക്കുമോ? | (ബി) | സംസ്ഥാന സർക്കാരിന്റെ നിയന്ത്രണത്തിൽ കൃഷി വകുപ്പിന്റെ കീഴിലുള്ള വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരളം (വി.എഫ്.പി.സി.കെ) വഴി 2021 മാർച്ച് മുതലാണ് വിദേശത്തേയ്ക്ക് പഴം-പച്ചക്കറി കയറ്റുമതി ആരംഭിച്ചത്. വി.എഫ്.പി.സി.കെ വഴി 2021 മാർച്ച് മുതൽ 2021 ജൂലൈ വരെ 42 മെട്രിക് ടൺ പഴം-പച്ചക്കറികൾ കുവൈറ്റ്, ലണ്ടൻ, സിംഗപ്പൂർ, ദുബായ് എന്നീ രാജ്യങ്ങളിലേക്ക് കയറ്റി അയച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ